



അഞ്ചുമൂർത്തിമംഗലത്ത് അപകടത്തിൽപ്പെട്ട ബസും ലോറിയും.

### അപകടം ഇന്നലെ രാവിലെ ഏഴരയ്ക്ക്

# അഞ്ചുമൂർത്തിമംഗലത്ത് ബസിനുപിന്നിൽ ചരക്കുലോറിയിടിച്ച് 13പേർക്കു പരിക്ക്

**വടക്കഞ്ചേരി:** ദേശീയപാത അഞ്ചുമൂർത്തിമംഗലത്ത് സ്വകാര്യബസിനു പിറകിൽ ചരക്കുലോറിയിടിച്ച് 13 പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ഇരട്ടക്കുളത്തേയും സമീപത്തേയും സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

അപകടത്തിൽ ഒരു കുട്ടിക്ക് സാരമായ പരിക്കുണ്ട്. ബസിനു പിന്നിലെ സീറ്റിൽ കുടുങ്ങിയ കുട്ടിയെ രക്ഷാപ്രവർത്തകരാണ് പുറത്തെടുത്ത് ആശുപത്രിയിലെത്തിച്ചത്.

അഞ്ചുമൂർത്തിമംഗലം സ്വദേശികളായ ചന്തപ്പുര കിഴക്കേതറ പറക്കുന്നം മുഹമദ്സാഫിൻ (16), വേണാട്ടുകളപറമ്പ് കമലം (48), ദേവകി(46), കൃഷ്ണൻ(60), നൈപുള്ളം നൂർജഹാൻ(50), മായ(35), ആലത്തൂർ പഴയ പോസ്റ്റ്ഓഫീസ് റോഡിൽ ഇന്ദ്രിസ് അഹമദ് (21), മംഗലം ഐടിസി കാവുപറമ്പ് കൃഷ്ണകുമാരി(40), തരൂർ പാലക്കൽ അമ്മുകുട്ടി (53), ചീക്കോട് വെള്ളിയൂർ സൂരജ്(24), തമിഴ്നാട് അരിയലൂർ സ്വദേശി പ്രഭാകരൻ, മുടപ്പല്ലൂർ സ്വദേശി ലക്ഷ്മികാന്ത് (52) തുടങ്ങിയവരാണ് ചികിത്സയിലുള്ളത്.

ഇന്നലെ രാവിലെ ഏഴരയോടെയായിരുന്നു അപകടം. ഇടിയുടെ ശക്തിയിൽ ഇരുവാഹനങ്ങളും ദേശീയപാതയുടെ രണ്ട് സർവീസ് റോഡിലേക്കു പാഞ്ഞുപോയി. വാഹനങ്ങൾ മറിയാതിരുന്നതും അപകടസമയത്ത് മറ്റു വാഹനങ്ങൾ സമീപത്ത് ഇല്ലാതിരുന്നതും വൻദുരന്തം ഒഴിവാക്കി.

പാലക്കാട്ടുനിന്നും വടക്കഞ്ചേരി വഴി തൃശൂരിലേക്ക് പോകുന്ന സ്വകാര്യബസ് യാത്രക്കാരെ കയറ്റാൻ ദേശീയപാതയിൽ നിർത്തിയതാണ് അപകടത്തിന് കാരണമായതെന്നു നാട്ടുകാർ പറഞ്ഞു. സർവീസ് റോഡുവഴി പോകേണ്ട ബസുകൾ ദേശീയ പാതയിലൂടെ പോകുന്നതു മൂലം ഇവിടെ സ്ഥിരമായി അപകടമുണ്ടാകുന്നുണ്ട്.

ദേശീയപാതയുടെ തൃശൂർ, പാലക്കാട് ലൈനുകളും ഡിവൈഡറുകളും ചാടിയാണ് ലോറി സർവീസ് റോഡിലെത്തിയത്. ലോറിയുടെ മുൻ ഭാഗവും ബസിന്റെ പിൻവശവും പൂർണമായും തകർന്നു.

# അധികൃതർക്ക് അനക്കമില്ല

## ബസുകൾ പായുന്നതു സർവീസ് റോഡ് ഒഴിവാക്കി ദേശീയപാതയിലൂടെതന്നെ

**വടക്കഞ്ചേരി:** ദേശീയപാത അഞ്ചുമൂർത്തി മംഗലത്ത് അപകടങ്ങളിൽപ്പെട്ട് ജനങ്ങൾ പിടഞ്ഞുവീഴുമ്പോഴും സുരക്ഷാ നടപടികളെടുക്കാതെ അധികൃതരുടെ നിസംഗത തുടരുന്നു.

ഇന്നലെ രാവിലെ യാത്രക്കാരെ കയറ്റാൻ ദേശീയപാതയിൽ നിർത്തിയ സ്വകാര്യബസിനു പിറകിൽ ചരക്കുലോറിയിടിച്ച്13 പേർക്കാണ് പരിക്കേറ്റത്. ബസ്ബേ ഇല്ലാത്ത തൃശൂർലൈനിൽ ദേശീയപാതയിൽ തന്നെയാണ് ബസുകൾ നിർത്തുന്നത്.

ബസ് നിർത്തുമ്പോൾ പുറകിൽവരുന്ന വാഹന ഡ്രൈവർമാർ ശ്രദ്ധിക്കാൻ സിഗ്നൽപോലും കാണിക്കാറില്ലെന്നു നാട്ടുകാർ പറയുന്നു.

ഒരാഴ്ചക്കുള്ളിൽ മൂന്നാമത്തെ അപകടമാണ് ഇന്നലെയുണ്ടായതെന്നു നാട്ടുകാർ പറഞ്ഞു. എന്നിട്ടും നടപടികളില്ല. അപകടമുണ്ടായി ഏതാനും മണിക്കൂർ സമയം ഹൈവേ പോലീസും മറ്റും ദൃശ്യകവലയിൽനിന്ന് ബസുകൾ സർവീസ് റോഡുവഴി തിരിച്ചുവിട്ടു. പിന്നെ പഴയ പോലെ ദേശീയപാത വഴിക്ക് ബസുകൾ പായാൻ തുടങ്ങി.



അപകടമുണ്ടായ അഞ്ചുമൂർത്തി മംഗലത്ത് ഇന്നലെ വൈകുന്നേരം 5.10 ന് സർവീസ് റോഡ് ഒഴിവാക്കി ദേശീയപാതവഴി പോകുന്ന സ്വകാര്യ ബസ്.

### ന്യായീകരണം ഇങ്ങനെ...

സർവീസ് റോഡിലൂടെ പോകുമ്പോൾ അടിപ്പാത ഭാഗത്തും മംഗലംപാലം ജംഗ്ഷനിലുമായി മൂന്ന് ഹംബുകളുണ്ടെന്നും ഇത് മറികടക്കാൻ സമയ കുറവുണ്ടെന്ന ന്യായീകരണമാണ് ബസ് ജീവനക്കാർ പറയുന്നത്. ബസ് ജീവനക്കാർ പറയുന്നതാണ് ഇവിടെ നിയമം.

ബസുകാരുമായി അധികാരികൾക്കുള്ള ബന്ധം ഇത്ര ദൃഢമാണോ എന്നാണ് നാട്ടുകാർ ചോദിക്കുന്നത്. സർവീസ് റോഡുള്ള ഭാഗങ്ങളിൽ സർവീസ് റോഡുവഴി തന്നെ ബസുകൾ പോകണമെന്നാണ് മോട്ടോർ വാഹന വകുപ്പ് പറയുന്നത്. ഇതു പാലിക്കാത്ത ബസുകൾ പെർമിറ്റ് വ്യവസ്ഥ ലംഘനം നടത്തിയതായി കണ്ടാൽ വൻതുക പിഴ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാമെന്നു നിയമത്തിലുണ്ട്. എന്നാൽ ഒന്നും നടപ്പാകുന്നില്ല.

### അപകട പരമ്പര തുടരുന്നു....

2018ൽ ജനുവരി 21ന് കെഎസ്ആർടിസി ബസും സ്വകാര്യ ബസും കൂട്ടിയിടിച്ച് മൂവാറ്റുപുഴ സ്വദേശിയായ പാസ്റ്റർ മരിക്കുകയും 26 പേർക്ക് പരിക്കേൽക്കുകയും ചെയ്ത അപകടത്തോടെ പിന്നീട് അപകട പരമ്പരകളാണ് ദേശീയപാതയിൽ അരങ്ങേറുന്നത്.

ദേശീയപാതയിൽ പെട്ടെന്നു നിർത്തിയ സ്വകാര്യ ബസിനു പിറകിൽ കെഎസ്ആർടിസി ഇടിച്ച് കയറിയായിരുന്നു അന്നത്തെ അപകടം. സ്വകാര്യ ബസ് നിയന്ത്രണം വിട്ട് ഡിവൈഡറും സർവീസ് റോഡും കടന്ന് പാതയോരത്തെ കെട്ടിടത്തിൽ ഇടിച്ചാണ് നിന്നത്. അന്ന് മന്ത്രിയും എംപി യും എംഎൽഎയുമൊക്കെ പാഞ്ഞെത്തി അപകടങ്ങളൊഴിവാക്കാൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ഒന്നുമുണ്ടായില്ല.

വിവിധ വകുപ്പ് അധികൃതർ റോഡിൽ പലയിടത്തും പരിശോധന നടത്തി സമയം കളഞ്ഞതല്ലാതെ നടപടികളിലേക്ക് നീങ്ങിയില്ല.

2020 ജനുവരി 14 ന് ഇവിടെ തന്നെ ദേശീയ പാതയിൽ നിർത്തിയ സ്വകാര്യ ബസിനു പിറകിൽ കർണാടകത്തിൽ നിന്നുള്ള ശബരിമല തീർഥാടകർ സഞ്ചരിച്ച ടൂറിസ്റ്റ് ബസ് ഇടിച്ച് നിരവധി യാത്രകാർക്ക് പരിക്കേറ്റു. ടൂറിസ്റ്റ് ബസ് തകർന്നു. അന്നും രണ്ടുദിവസം നീണ്ട പ്രതിക്ഷേധമുണ്ടായി പിന്നേയും പഴയ മട്ടിലായി.

# കാട്ടുപന്നിയുടെ ആക്രമണത്തിൽ യുവാവിനു പരിക്ക്

**കുഴൽമന്ദം:** കാട്ടുപന്നിയുടെ ആക്രമണത്തിൽ യുവാവിന് ഗുരുതര പരിക്ക്. കെട്ടിട നിർമാണ തൊഴിലാളിയായ കമ്മൻകുളമ്പ് വീട്ടിൽ രാഹുലി (25) നാണ് പരിക്കേറ്റത്.

വലതുകാലിൽ സാരമായി പരിക്കേറ്റ ഇയാളെ ആലത്തൂർ താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാവിലെ എട്ടരയോടെയായിരുന്നു സംഭവം. വലിയച്ഛന്റെ പറമ്പിൽ സൂക്ഷിച്ചിരുന്ന നിർമാണ സാമഗ്രികൾ എടുക്കാൻ പോയതായിരുന്നു രാഹുൽ.

പറമ്പിനുള്ളിലേക്ക് കയറിയ ഉടനെ കാട്ടുപന്നി ഇദ്ദേഹത്തെ ആക്രമിക്കുകയായിരുന്നു. ആക്രമണത്തിൽ രാഹുലിന്റെ വലതുകാലിൽ സാരമായ പരിക്കേറ്റു. കാലിൽ പത്തു തുന്നലുകളുണ്ട്. കൂടാതെ മുഖത്തും ചെറിയ മുറിവുകളേറ്റിട്ടുണ്ട്. നിലവിൽ രാഹുൽ അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

# വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ വീണ്ടും സത്യപ്രതിജ്ഞ

**വടക്കഞ്ചേരി:** വടക്കഞ്ചേരി പഞ്ചായത്തിൽ പന്നിയങ്കര വാർഡിൽ നിന്നുള്ള മെംബർ സുനിൽ ചുവട്ടുപാടം ഇന്നലെ വീണ്ടും സത്യപ്രതിജ്ഞ ചെയ്തു പുതിയ റെക്കോർഡിട്ടു.

തെരഞ്ഞെടുപ്പിൽ വിജയിച്ച ഒരു ജനപ്രതിനിധി മൂന്നുതവണ സത്യപ്രതിജ്ഞ ചെയ്യേണ്ടിവരുന്നത് അപൂർവമാണെന്നു ചൂണ്ടിക്കാട്ടുന്നു. ഇന്നലെ രാവിലെ പത്തരയ്ക്ക് പ്രസിഡന്റിന്റെ ചേംബറിലായിരുന്നു ലളിതമായ സത്യപ്രതിജ്ഞ ചടങ്ങ് നടന്നത്.

മൂന്നാമത് സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നതിന്റെ ആവശ്യകത സെക്രട്ടറി ടി.എസ്.അഭിൻ വിശദീകരിച്ചു. നേരത്തെ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേരിൽ സത്യപ്രതിജ്ഞ ചെയ്തതായിരുന്നു പിശകുകൾക്ക് തുടക്കമായത്.

ഉമ്മൻചാണ്ടിയോടുള്ള ആദരവും സ്നേഹവും മൂത്താണ് സത്യപ്രതിജ്ഞയിൽ ഉമ്മൻചാണ്ടിയുടെ പേരുപറഞ്ഞത്. ഇത്രയൊക്കെ പൊല്ലാപ്പാകുമെന്ന് സുനിലും കരുതിയില്ല. എന്നാൽ ഇതിനെതിരേ വടക്കഞ്ചേരി ടൗൺ വാർഡംഗം സിപിഎമ്മിലെ സി. കണ്ണൻ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ഹർജി പരിഗണിച്ച കോടതി 1994ലെ പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് സത്യപ്രതിജ്ഞ ചട്ടവിരുദ്ധമായിരുന്നെന്നു കണ്ടെത്തി. നാലാഴ്ചക്കുള്ളിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യണമെന്നും ഉത്തരവിട്ടു.



പ്രസിഡന്റിനു മുമ്പാകെ സുനിൽ ചുവട്ടുപാടം സത്യപ്രതിജ്ഞ ചെയ്യുന്നു.

ഈ ഉത്തരവുപ്രകാരം സുനിൽകൂടി വോട്ടുചെയ്ത് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ കൂടി അസാധുവാകുമെന്നായിരുന്നു നിയമോപദേശം. ഇതിനാൽ രണ്ടാമതും സുനിൽ സത്യപ്രതിജ്ഞ ചെയ്തു.

അത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അമ്പിളി മോഹൻദാസിനു മുമ്പാകെയായിരുന്നു. രണ്ടാഴ്ചക്കാലം അമ്പിളിയായിരുന്നു പ്രസിഡന്റ് റോളിൽ. പഞ്ചായത്തിലെ സംഭവവികാസങ്ങൾ സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷന് അധികൃതർ റിപ്പോർട്ടു നൽകി.

മറുപടിയായിവന്ന കത്തിൽ വ്യക്തതയില്ലാതിരുന്നത് പിന്നീടും ആശയക്കുഴപ്പങ്ങളുണ്ടാക്കി. തെരഞ്ഞെടുപ്പ് ആവശ്യമുള്ള പക്ഷം തുടർനടപടികൾ അറിയിക്കാം എന്നായിരുന്നു കത്തിൽ. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ വീണ്ടും നടത്തണോ വേണ്ടയോ എന്ന് കത്തിൽ വ്യക്തമാക്കിയിരുന്നില്ല. ഇതിൽ വ്യക്തത തേടി കോൺഗ്രസ് നേതൃതവവും ഭരണസമിതിയും നിരന്തര ഇടപെടലുകൾ നടത്തി.

ഇതേ തുടർന്നാണ് തിങ്കളാഴ്ച സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പുതിയ നിർദേശം വന്നത്. കഴിഞ്ഞ 24 ലെ ഹൈക്കോടതി ഉത്തരവിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ അസാധുവാക്കാത്ത സാഹചര്യത്തിൽ ഇരുവർക്കും തൽസ്ഥാനങ്ങളിൽ തുടരാമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

ഇതിനാൽ സത്യപ്രതിജ്ഞാ വിഷയത്തിൽ പരാതിയുയർന്ന പന്നിയങ്കരയിൽ നിന്നുള്ള കോൺഗ്രസ് അംഗം പ്രസിഡന്റു മുമ്പാകെ വീണ്ടും സത്യപ്രതിജ്ഞ ചെയ്യണമെന്നും കമ്മീഷൻ നിർദേശിച്ചിരുന്നു. ഇതു പ്രകാരമാണ് സുനിൽ ഇന്നലെ രാവിലെ പ്രസിഡന്റ് സി. പ്രസാദിനു മുമ്പാകെ വീണ്ടും സത്യപ്രതിജ്ഞ ചെയ്തത്.

ദൈവനാമത്തിലായിരുന്നു സത്യപ്രതിജ്ഞ. തെരഞ്ഞെടുപ്പു കമ്മീഷന്റെ ഇന്നലത്തെ അറിയിപ്പുപ്രകാരം സി. പ്രസാദിന് പ്രസിഡന്റായും ശശികല ടീച്ചർക്ക് വൈസ് പ്രസിഡന്റായും തുടരാൻ ഇനി തടസങ്ങളില്ല.

# സ്ഥലം ലഭ്യമാക്കിയാൽ പിരായിരിയിൽ പുതിയ ആശുപത്രിക്കെട്ടിടം നിർമിക്കും: മന്ത്രി മുരളീധരൻ

**പാലക്കാട്:** പിരായിരിയിൽ സ്ഥലം ലഭ്യമാക്കിയാൽ മികച്ച സൗകര്യങ്ങളോടെയുള്ള ആശുപത്രിക്കെട്ടിടം സർക്കാർ നിർമിച്ചു നൽകുമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ.

പിരായിരിയിലെ ആരോഗ്യകേന്ദ്രം സന്ദർശിച്ച മന്ത്രി, അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ വിപുലമായി സൗകര്യങ്ങൾ ആവശ്യമാണെന്നു വിലയിരുത്തി.

സംവിധാനങ്ങൾ വികസിക്കുന്നതിന് അനുസൃതമായി ജീവനക്കാരുടെ വിന്യാസത്തിലും മാറ്റംവരുത്തും. ഐപി സംവിധാനങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്താൻ സാധിക്കും. ജില്ലാ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കും. നബാർഡിന്റേയും ഇൻകെല്ലിന്റേയും കെട്ടിട നിർമാണം പൂർത്തിയായാൽ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.



പിരായിരിയിലെ ആരോഗ്യകേന്ദ്രം സന്ദർശിച്ച മന്ത്രി കെ. മുരളീധരൻ സൗകര്യങ്ങളെക്കുറിച്ച് ചോദിച്ചറിയുന്നു.

പകർച്ചവ്യാധി പ്രതിരോധത്തിന് മികച്ച അന്തരീക്ഷം ഒരുക്കുന്നതിനു വിവിധയിടങ്ങളിൽ നിന്നും നീക്കിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്നു മന്ത്രി വ്യക്തമാക്കി.

ആധുനിക സംവിധാനങ്ങൾ നിലവിലുള്ളതിനാൽ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിൽ ആശങ്കയുടെ ആവശ്യമില്ല.

കുടുംബശ്രീ, ഹരിതകർമസേന, റെസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയ കൂട്ടായ്മയുടെ സഹകരണത്തോടെ പകർച്ചവ്യാധി പ്രതിരോധം കൂടുതൽ കാര്യക്ഷമമാക്കണമെന്നും മന്ത്രി പറഞ്ഞു. പിരായിരി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിനുസമീപം നടന്ന പരിപാടിയിൽ രമേഷ് പിഷാരടി എംഎൽഎ അധ്യക്ഷനായി.

പിരായിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ഇസ്മയിൽ, വൈസ് പ്രസിഡന്റ് സഫിയ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കെ. ബിന്ദു തോമസ്, ആയുർവേദം മെഡിക്കൽ ഓഫീസർ ഡോ. ജയന്തി, ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. ദീപ്തി, പഞ്ചായത്ത് സെക്രട്ടറി സി.വി. ബാബുലേയാൻ എന്നിവർ പ്രസംഗിച്ചു.

# ജില്ലാ ആശുപത്രി 2028ൽ പൂർണസജ്ജമാക്കും: മന്ത്രി

**പാലക്കാട്:** ജില്ലാ ആശുപത്രിയെ 2028 ഓടെ പൂർണസജ്ജമാക്കുമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. ജില്ലാ ആശുപത്രി സന്ദർശനവും കിഫ്ബി പദ്ധതികളുടെ അവലോകനവും മന്ത്രി നിർവഹിച്ചു.

അടുത്ത നവംബറിൽ ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാക്കും. ഇൻകെൽഏറ്റെടുത്ത പ്രവൃത്തികൾ 18 മാസത്തിനകം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ വേഗത്തിൽ നികത്താനുള്ള നടപടികൾ സ്വീകരിക്കും. നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ ആശുപത്രിയുടെ സൗകര്യങ്ങളിൽ വലിയ മാറ്റമുണ്ടാകുമെന്നു മന്ത്രി യോഗത്തിൽ വിലയിരുത്തി.

നിലവിലുള്ള ഫണ്ടുകളോടൊപ്പം എംപി ഫണ്ടും, എംഎൽഎ ഫണ്ടും ആശുപത്രി വികസനത്തിനായി ഉപയോഗിക്കുന്നത് പരിഗണിക്കണമെന്നും ചില വിദേശ കമ്പനികൾ സ്വകാര്യ ആശുപത്രികളെ വിലക്കെടുക്കുകയും സർക്കാർ ആശുപത്രികൾ മോശമെന്നു ചിത്രീകരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മന്ത്രി യോഗത്തിൽ സൂചിപ്പിച്ചു. ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ രമേഷ് പിഷാരടി എംഎൽഎ, ജില്ലാ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് എൻ. സരിത, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എ.കെ. ഷീലാദേവി, ഡിഎംഒ ഡോ.കെ. ബിന്ദു തോമസ്, സൂപ്രണ്ട് ഡോ.കെ.പി. അഹമ്മദ് അഫ്സൽ പങ്കെടുത്തു.



ജില്ലാ ആശുപത്രിയിലെ നിർമാണ പ്രവൃത്തികൾ പരിശോധിക്കുന്ന മന്ത്രി കെ. മുരളീധരനും രമേഷ് പിഷാരടി എംഎൽഎയും. -ദീപിക.

## ഇന്നത്തെ സിനിമ

**പാലക്കാട്**

**പ്രിയദർശിനി-** I nobody (മല- 11.15, 2.15, 6.00, 9.00).
**പ്രിയ-** I nobody (മല- 11.15, 2.15, 6.00, 9.00).
**പ്രിയതമ-** കിരീടം (11.15, 2.15, 6.00, 9.00).
**അരോമ സ്ക്രീൻ ഒന്ന്-** I nobody (മല- 11.15, 2.15, 6.00, 9.00).
**അരോമ സ്ക്രീൻ രണ്ട്-** കിരീടം (11, 2, 6, 9)
**ന്യൂഅരോമ-** Idayum Murali (തമി- 11.15, 2.15, 9.00)
**സത്യ മൂവീസ്-** Evil Dead Burn (11,2,6,9)
**ശ്രീദേവിദുർഗ സ്ക്രീൻ ഒന്ന്-** I nobody (11.00, 2.15, 5.30, 8.45, 11.55).
**സ്ക്രീൻ രണ്ട്-** Idayum Murali (11.30, 2.30, 6.00, 9.15).
**സിഎൻസിവി സിനിമാസ് സ്ക്രീൻ ഒന്ന്-** I nobody (11.30, 2.30, 6.00, 9.00).
**സ്ക്രീൻ രണ്ട്-** Evil Dead Burn ( 11.30, 2.30, 6. 9.15)

**വടക്കഞ്ചേരി**

**ഡ്രീം ബിഗ് സിനിമാസ് മയൂഖ്-** കിരീടം ( മല- 11.15,2.30,6.15, 9.30).
**ഡ്രീംബിഗ് കെഎംഎം മൂവീസ്-** Ivanukku sariyana Alille(തമി - 11.30,2.30,6.30, 9.30).
**ജയഭാരത് മൂവീസ്-** I nobody (മല -11.15, 2.30,6.15,9.30).
**ജയഭാരത് സ്ക്രീൻ ഒന്ന്-** Idayum Murali ( തമി- 11.15,2.30,6.15, 9.30).
**ജയഭാരത് സ്ക്രീൻ രണ്ട്-** Evil Dead Burn(Eng - 11.15, 2.30, 9.30). Gata Gusthi (തമി - 6.15).
**തങ്കം സിനിമാസ്-** Nobody (മല- 11.15, 2.30, 6.15, 9.30).

**ചിറ്റൂർ**

**കൈരളി-** I nobody (11, 2, 6, 9).
**ശ്രീ-** Idayum Murali (11, 2, 6, 9).

**കല്ലടിക്കോട്**

**ബാല-** I nobody (മല -11.15, 2.30,6.15, 9.00).

# കെഎസ്എസ്പിയു പുതുനഗരം കൺവൻഷൻ

**പുതുനഗരം:** കെഎസ്എസ്പിയു പുതുനഗരം യൂണിറ്റ് കൺവൻഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ബാബു ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എസ്. അബ്ദുൾ നാസർ അധ്യക്ഷത വഹിച്ചു.

ജില്ലാ പ്രസിഡന്റ് സി.എസ്. സുകുമാരൻ, യൂണിറ്റ് സെക്രട്ടറി എം. മുഹമ്മദ് സലിം, കെ. കൃഷ്ണൻ, കെ.വി. ജയൻ, എം. കലാധരൻ, എം. അബ്ദുൾ കരീം, രവിന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

**പരസ്യം**

KL49.C.2715 എന്ന വാഹനത്തിന്റെ ഉടമസ്ഥനായ Thomas Rajan S/o N.C.Thomas, Nellikakuzhiyil, Anjumoorthy.P.O., Vadakkencherry, palakkad - 678682 എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ആലത്തൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എന്ന്,
JRTO ആലത്തൂർ.

T2605-597527

**പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank** ...the name you can BANK upon!

**എ. ആർ. എം. ബി, എറണാകുളം**, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

**സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്**

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേലവിൽപന നോട്ടീസ്.** താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**ഇ-ലേല തീയതിയും സമയവും: 04.08.2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ**

| ക്രമ നം. | ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും | വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ) | എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി. | (എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക: | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ |
| --- | --- | --- | --- | --- | --- |
| 1 | **PNB, ARMB, എറണാകുളം**<br>**M/s PRS ഇലക്ട്രോണിക്സ്,** പ്രൊപ്രൈറ്റർ: ശ്രീ.സുരേഷ് പി.ആർ.14/112-1, കോയമ്പത്തൂർ റോഡ്, കൽമണ്ഡപം, പാലക്കാട്- 678007, **ശ്രീ. സുരേഷ് പി. ആർ, Ms. സുജിത എം** (ജാമ്യക്കാരി) ഇരുവരും താമസം: പടിഞ്ഞാറേക്കര ഹൗസ്, കരികുളം, വിളയോടി പി.ഒ, പാലക്കാട്- 678010 **ശ്രീ. ഹംസ എം. ടി** (പരേതൻ), (ജാമ്യക്കാരൻ), പരേതനായ ഹംസയുടെ നിയമാനുസൃത അവകാശികൾ: (1) **ശ്രീമതി. റംലത്ത്** (2) **ശ്രീ. മുഹമ്മദ് ഇഖ്ബാൽ** (3) **ശ്രീ. മുഹമ്മദ് ഹുസൈൻ** (4) **ശ്രീ. അനസ് എം. ടി** (5) **ശ്രീമതി. അനീഷ എം. ടി** (6) **ശ്രീമതി. ഹസീന** (7) **ശ്രീ. മുഹമ്മദ് അൻസാർ എം. ടി,** (8) **ശ്രീ. യൂസഫ് അൻസിൽ എം. ടി** (9) **ശ്രീ. മുഹമ്മദ് അജ്മൽ എം. ടി,** എല്ലാവരുടെയും വിലാസം: 3/401, മേലേത്തലക്കൽ വീട്, ചെറുകോട് പി ഒ, വല്ലപ്പുഴ, പാലക്കാട്- 679307 | പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ വല്ലപ്പുഴ വില്ലേജിൽ, റീസർവ്വേ നം. 174/8 (പഴയ സർവ്വേ നം. 250/8A) ബ്ലോക്ക് നം. 35ൽ പെട്ട 18.22 ആർ (45.02 സെന്റ്) സ്ഥലവും ഇരുനില വാണിജ്യ കെട്ടിടവും (ഒന്നാം നില പണിപൂർത്തിയായിട്ടില്ല) [D No.15/108], സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** കല്ലൻമാർതൊടിക പറമ്പ്, **തെക്ക്:** പഞ്ചായത്ത് റോഡ്, **കിഴക്ക്:** കല്ലൻമാർതൊടിക പറമ്പ്, **പടിഞ്ഞാറ്:** പുള്ളിക്കൻപറമ്പ്. | (എ) 13(2) - 06.11.2012, 18.01.2013<br>(ബി) 30.06.2026ലെ രൂപ **3,08,78,686.34** (മൂന്ന് കോടി എട്ട് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി അറുന്നൂറ്റി എൺപത്തി ആറ് രൂപ മുപ്പത്തി നാല് പൈസ)യും 01.07.2026മുതലുള്ള പലിശയും മറ്റ് ചെലവുകളും<br>(സി) കൈവശമെടുത്ത തീയതി: 11.03.2013, 28.02.2014<br>(ഡി) ക്രിയാത്മക കൈവശം | (എ) രൂപ 57,98,700/-<br>(ബി) രൂപ 5,79,870/-<br>(സി) രൂപ 10,000/- | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല |
| 2 | **PNB, ARMB, എറണാകുളം**<br>**ശ്രീ.സുരേഷ് ബാബു,** S/o കൈതക്കൽ കൊപ്പൻ, **ശ്രീമതി.സുജിത,** W/o സുരേഷ് ബാബു, **ശ്രീമതി. അമ്മു,** W/o കൈതക്കൽ കൊപ്പൻ, എല്ലാവരും താമസം: കൈതക്കൽ ഹൗസ്, കാറൽമണ്ണ, ചെർപ്പളശ്ശേരി, പാലക്കാട്- 679506. | പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ചെർപ്പുളശ്ശേരി വില്ലേജിൽ റീ സർവ്വേ നം. 221/11, (പഴയ സർവ്വേ നം. 64/2,64/3,64/4)ൽ പെട്ട ശ്രീ.സുരേഷ് ബാബു, S/o കൈതക്കൽ കൊപ്പൻ, ശ്രീമതി.അമ്മു, W/o കൈതക്കൽ കൊപ്പൻ, എന്നിവരുടെ പേരിലുള്ള 0.0591 ഹെക്ടർ (14.60 സെന്റ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** വഴി, സത്യമാധവൻ വക വസ്തു, **തെക്ക്:** വാസു വക വസ്തു, **കിഴക്ക്:** റോഡ്, **പടിഞ്ഞാറ്:** നാരായണൻ വക വസ്തു. | (എ) 13(2) - 12.03.2025<br>(ബി) 30.06.2026ലെ രൂപ **27,23,396.55** (ഇരുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ അൻപത്തി അഞ്ച് പൈസ)യും 01.07.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും<br>(സി) കൈവശമെടുത്ത തീയതി: 17.06.2025<br>(ഡി) ക്രിയാത്മക കൈവശം | (എ) രൂപ 35,92,000/-<br>(ബി) രൂപ 3,59,200/-<br>(സി) രൂപ 10,000/- | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല |

**ഇ-ലേല തീയതിയും സമയവും: 04.08.2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ**

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 03.08.2026 | വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 01.08.2026

**വ്യവസ്ഥകളും നിബന്ധനകളും:** **(1).** വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപ്പന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **04.08.2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണി വരെയായിരിക്കും. (7).** ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 13-07-2026, 14-07-2026, സ്ഥലം: എറണാകുളം | (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം

E2607-597556